(ബി) താഴെപ്പറയുന്ന 9 (ഒൻപത്) നദികളുടെ സംരക്ഷണമാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത് :

1. ഭാരതപ്പുഴ
2. പെരിയാർ
3. ചാലിയാർ
4. പമ്പ
5. കല്ലട
6. വാമനപുരം
7. ചന്ദ്രഗിരി
8. കരമന
9. മീനച്ചിൽ എന്നിവയാണ്.

പ്രസ്തുത നദികളുടെ നിയന്ത്രണം പഞ്ചായത്തിന്റെ അധികാരപരിധിയിൽ നിന്നും മാറ്റി സർക്കാരിന്റെ നിയന്ത്രണത്തിലാക്കിയിട്ടുണ്ട്. പാലങ്ങൾ, അണക്കെട്ടുകൾ മുതലായവയുടെ നിർമ്മാണം നദികൾക്ക് ദോഷം വരാത്ത രീതിയിൽ നടത്തുന്നതിനും, നദികളിൽ നിന്നും മണൽ വാരുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പെരിയാറിന്റെ സംരക്ഷണത്തിനായി ഒരു 'പെരിയാർ റിവർ അതോറിറ്റി' രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ഏറ്റെടുത്ത പ്രധാനപ്പെട്ട അൻപതു നദികളുടെ സംരക്ഷണത്തിനായി 20-11-1998-ലെ സർക്കാർ ഉത്തരവ് പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ഓരോ കടവിൽ നിന്നും നീക്കം ചെയ്യപ്പെടാവുന്ന മണലിന്റെ അളവും വിൽപ്പന വിലയും ജില്ലാകളക്ടർ നിശ്ചയിച്ചതിനുശേഷമേ പഞ്ചായത്തുകൾ നീക്കം ചെയ്യുവാൻ പാടുള്ളൂ. തൊഴിലാളികൾക്കുള്ള വേതനം നൽകിയതിന് ശേഷമുള്ള തുകയുടെ അൻപത് ശതമാനം റിവർ മാനേജ്മെന്റ് ഫണ്ടിനു അടയ്ക്കണമെന്ന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിവർ മാനേജ്മെന്റിൽ നിക്ഷേപിക്കപ്പെടുന്ന തുക മുഴുവനും നദീസംരക്ഷണത്തിനായി ഉപയോഗിക്കുന്നതാണ്.

കായംകുളം താപനിലയത്തിൽ നിന്നും വാങ്ങുന്ന വൈദ്യുതി

9 (*189) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപവൈദ്യുതി നിലയത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് കെ. എസ്. ഇ. ബി എന്തു വിലയാണ് കൊടുക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്നു മുതലാണ് ഈ വില നൽകുന്നത് ;

(സി) കേന്ദ്രഗ്രിഡുകളിൽ നിന്നും വാങ്ങുന്ന വൈദ്യുതിക്ക് എന്തു വിലയാണ് നൽകുന്നത് ;

(ഡി) കായംകുളം താപവൈദ്യുത നിലയം ഉൽപ്പാദനം ആരംഭിച്ചശേഷം കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയും സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള മുഴുവൻ വിഹിതവും എടുക്കാതെ ഇരുന്നിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എത്ര യൂണിറ്റ് വൈദ്യുതി എടുക്കാതെ ഇരുന്നിട്ടുണ്ട് ; അതിനുള്ള കാരണം വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) കായംകുളം താപവൈദ്യുത നിലയത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് താൽക്കാലികമായി 3.50 രൂപ എന്ന നിരക്കാണ് ഇപ്പോൾ നൽകി വരുന്നത്.

(ബി) 1-3-2000 മുതലാണ് ഈ നിരക്ക് നൽകി വരുന്നത്.

(സി) കേന്ദ്രഗ്രിഡിൽ നിന്നും വാങ്ങുന്ന വൈദ്യുതിക്ക് താഴെ പറയുന്ന നിരക്കിലാണ് വില നൽകേണ്ടത്.

		രൂപ
1.	എൻ.ടി.പി.സി.നിലയം	
	രാമഗുണ്ടം	1.18
	കിഴക്കൻ മേഖല	1.74
2.	പശ്ചിമമേഖല	1.75
3.	ന്യൂക്ലിയർ പവർ കോർപ്പറേഷൻ	
	കൽപാക്കം	1.95
	കെയ്ഹാ	3.00
4.	നെയ്വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ	
	ഒന്നാംഘട്ടം	1.08
	രണ്ടാം ഘട്ടം	1.59

(ഡി&ഇ) കായംകുളം താപ വൈദ്യുതി നിലയത്തിൽ നിന്നും വാണിജ്യാടിസ്ഥാനത്തിൽ വൈദ്യുതി ഉല്പാദനം ആരംഭിച്ചത് 1998 ഡിസംബറിലാണ്. അന്നു മുതൽ മേയ് 2000 വരെ (1999 ജൂൺ മാസം ഒഴികെ) കേരളത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതം 4,361 മില്യൺ യൂണിറ്റും, കേരളത്തിന് ലഭിച്ചത് 4,377 മില്ല്യൻ യൂണിറ്റും ആണ്.

LIBRARY ARCHIVES Kerala Legislative Assembly